# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2472      20/06/2012 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ മികവ് പുലർത്തുന്നതിന് പട്ടികജാതി വിദ്യാർത്ഥികളെ സജ്ജരാക്കാൻ പ്രത്യേക പരിശീലന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് കോച്ചിംഗ് നൽകുന്ന പദ്ധതി 2011-12 വർഷം വിഷൻ 2013 എന്ന പേരിൽ ആരംഭിച്ചു. 2011 മാർച്ചിലെ S.S.L.C. പരീക്ഷയിൽ A+, A, B+ ഗ്രേഡ് നേടിയിട്ടുള്ളവരും സയൻസ് ഗ്രൂപ്പെടുത്ത് +1 ന് പഠിക്കുന്നവരുമായ കുട്ടികൾക്കാണ് കോച്ചിംഗ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികളുടെ കുടുംബ വാർഷിക വരുമാനം **4.5** ലക്ഷം രൂപയിൽ അധികരിക്കരുത്. രണ്ട് വർഷത്തേക്കുള്ള ഈ പരിശീലനത്തിന് ഒരു കുട്ടിക്ക് ട്യൂഷൻ ഫീസിനത്തിൽ 20,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഇതിനായി സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലെ വിദഗ്ധരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾക്ക് രൂപം നൽകുമോ; | (ബി) കുട്ടികൾ കോച്ചിംഗിനു ചേരുന്ന സ്ഥാപനം, മികച്ച കോച്ചിംഗ് നൽകുന്നതിന് വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം തുടങ്ങി എല്ലാ വിധത്തിലും പര്യാപ്തമാണ് എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ മുഖാന്തിരം ഉറപ്പു വരുത്തി ജില്ലാ കളക്ടറുടെ അംഗീകാരം ലഭിച്ച സ്ഥാപനങ്ങളിലാണ് കുട്ടികൾക്ക് കോച്ചിംഗ് നിലവിൽ നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയി ലുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥി കൾക്കും പ്രസ്തുത സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രമുഖ കോച്ചിംഗ് സ്ഥാപനങ്ങളിൽ പ്രവേശനം നേടുകയും +1 ന് സയൻസ് ബാച്ചിൽ പഠിക്കുന്നതും S.S.L.C. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+, A, B+ ഗ്രേഡ് വാങ്ങിയ സംസ്ഥാനത്തെ ഗ്രാമീണ മേഖലയി ലുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥി കൾക്കും പ്രസ്തുത സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ